**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 76** | **24-02-2022 - ൽ മറുപടിയ്ക്ക്**

**വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക സ്ഥിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. എം.വിജിൻ,<br>ശ്രീ. കെ. ജെ. മാക്സി | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വർഷങ്ങളായി റവന്യൂ കമ്മിയിൽ പ്രവർത്തിച്ചുവരുന്ന വാട്ടർ അതോറിറ്റിയുടെ നിലവിലെ സാമ്പത്തിക സ്ഥിതി എന്താണ്; സാമ്പത്തിക സ്ഥിതി മോശമാകുന്ന സാഹചര്യം സംജാതമാകുന്നത് എങ്ങനെയാണെന്ന് വിശദീകരിക്കാമോ; | (എ) | 2020-21 സാമ്പത്തിക വർഷത്തിൽ കേരളാ വാട്ടർ അതോറിറ്റിയുടെ നഷ്ടം (ബോർഡ് അംഗീകരിച്ച അക്കൗണ്ട്സ് പ്രകാരം) 594.10 കോടി രൂപയാണ്. 1000 ലിറ്റർ കുടിവെള്ളത്തിന് ഉൽപ്പാദന പ്രസരണ ചെലവ് 22.85 രൂപ വരുന്നു. അതേസമയം 1000 ലിറ്റർ കുടിവെള്ളത്തിന് വരുമാനമായി 10.92 രൂപ മാത്രമേ ലഭിക്കുന്നുള്ളൂ. അതായത് 1000 ലിറ്റർ കുടിവെള്ളം ഉപഭോക്താവിന് നൽകുമ്പോൾ കേരളാ വാട്ടർ അതോറിറ്റിക്ക് 11.93 രൂപ നഷ്ടം ഉണ്ടാകുന്നു. വർഷാവർഷം വർദ്ധിച്ച വരുന്ന ശമ്പളം, പെൻഷൻ, വൈദ്യുത ചെലവ്, അറ്റകുറ്റപ്പണികളുടെ ചെലവ്, വായ്പാതിരച്ചടവ് (പലിശ ഉൾപ്പെടെ) എന്നിവയും DCRG, കംമ്യൂട്ടേഷൻ എന്നിവയും, എംപ്ലോയ്മെന്റ്/ കരാർ തൊഴിലാളികളുടെ വേതനം എന്നിവയും കൊടുക്കേണ്ട ബാധ്യത അതോറിറ്റിക്കുണ്ട്. 01.10.2014-ൽ പ്രാബല്യത്തിൽ വന്ന പുതുക്കിയ കുടിവെള്ള നിരക്കിൽ പ്രതിമാസം 15,000 ലിറ്റർ വരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താവിനെ വർദ്ധനവിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ബി.പി.എൽ, (ദാരിദ്ര്യ രേഖയ്ക്ക് താഴെ) ഉപഭോക്താക്കൾക്ക് പ്രതിമാസം 15,000 ലിറ്റർ ഉപഭോഗം വരെ സൗജന്യമായാണ് നൽകുന്നത്. 31/01/2022 ൽ വാട്ടർ ചാർജ്ജ് ഇനത്തിൽ 2275.65 കോടി രൂപ (പൊതുടാപ്പുകൾ ഉൾപ്പെടെ) കുടിശ്ശികയായി പിരിഞ്ഞ് കിട്ടാനുണ്ട്. കുടിശ്ശിക തുകയിൽ ഭൂരിഭാഗവും പിഴയും പിഴപലിശയുമാണ്. റവന്യൂ ഇനത്തിൽ 31.01.2022 ലെ കണക്ക് അനുസരിച്ച് വിവിധ ഇനത്തിൽ 2116.54 കോടി രൂപ കൊടുത്ത് തീർക്കുവാനുണ്ട്. കുടിവെള്ള പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് 31.01.2022 വരെ വിവിധ സ്കീമുകളിൽ കുടിശ്ശികയായ ബില്ലുകളുടെ വിവരങ്ങൾ താഴെ |

| | | | |
|---|---|---|---|
| | | | ചേർക്കുന്നു. സ്റ്റേറ്റ് പ്ലാൻ - 295.22 കോടി രൂപ നബാർഡ് - 32.26 കോടി രൂപ ആസ്തി വികസന സ്കീം - 4.54 കോടി രൂപ |
| (ബി) | കേരള വാട്ടർ അതോറിറ്റിയുടെ ആകെ ആസ്തി ബാധ്യതകൾ കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. 31.03.2021 ലെ അക്കൗണ്ട്സ് പ്രകാരമുള്ള ബാലൻസ് ഷീറ്റിന്റെയും വരവുചെലവ് കണക്കിന്റെയും സംക്ഷിപ്തരൂപം അനുബന്ധം (1) ആയി ചേർക്കുന്നു. റവന്യൂ ഇനത്തിൽ 31.01.2022 ലെ കണക്ക് അനുസരിച്ച് വിവിധ ഇനത്തിൽ 2116.54 കോടി രൂപ കൊടുത്ത് തീർക്കുവാനുണ്ട്. വിശദവിവരം അനുബന്ധം (2) ആയി ചേർക്കുന്നു. |
| (സി) | കേരള വാട്ടർ അതോറിറ്റി പുനഃസംഘടിപ്പിക്കുന്നതിനും കടബാദ്ധ്യത ഒഴിവാക്കുന്നതിനും വീണ്ടും നഷ്ടത്തിലേക്ക് പോകുന്നത് ഒഴിവാക്കുന്നതിനും സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണെന്നും സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നവ എന്തെല്ലാമാണെന്നും വിശദമാക്കാമോ? | (സി) | വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്താനും അതുവഴി നഷ്ടം നികത്താനും താഴെ പരാമർശിക്കുന്ന കർമ്മ പദ്ധതികൾ തയ്യാറാക്കി നിർവഹിച്ചു വരുന്നു. • വാട്ടർ അതോറിറ്റിയുടെ ജലവിതരണ ശൃംഖലയിലെ ജല ചോർച്ച തടയുന്നതിന് പഴക്കംചെന്ന എല്ലാ പൈപ്പുകളും പമ്പുകളും മാറ്റി സ്ഥാപിക്കുക. • ഒട്ടനവധി പദ്ധതികൾ ചെറിയ തുക ചെലവഴിച്ച് പൂർണ്ണമായും വിനിയോഗ സജ്ജമാക്കുക. • നഗര മേഖലയിലെ ചില പദ്ധതികൾ മുൻഗണന നൽകി പൂർത്തിയാക്കൽ. താഴെ പറയുന്ന ഘടകങ്ങളാണ് ഈ പദ്ധതികളിൽ ഉൾക്കൊള്ളിക്കുവാൻ ഉദ്ദേശിക്കുന്നത്. 1. ഉല്പാദന ഘടകങ്ങളിൽ ആവശ്യമായ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുക. 2. കാലപ്പഴക്കം വന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുക. 3. വിതരണശൃംഖലയെ വിവിധ മേഖലകൾ ആക്കി തിരിച്ച് ഡി.എം.എ(District Metering Area) കൾ സ്ഥാപിച്ച് ജല വിതരണം കാര്യക്ഷമമാക്കുകയും ജല ചോർച്ച നിയന്ത്രണത്തിൽ ആക്കുകയും ചെയ്യുക. 4. മർദ്ദ നിയന്ത്രണം ഉപകരണങ്ങളും ഫ്ലോമീറ്ററുകളും എല്ലാ മേഖലകളിലും സ്ഥാപിക്കുക. 5. Supervisory Control and Data Acquisition (SCADA) പോലെയുള്ള ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ജലവിതരണം സംവിധാനം നിയന്ത്രിക്കുക. 6. പഴയതും ചോർച്ച ഉള്ളതുമായ സർവീസ് കണക്ഷനുകൾ പുനരുദ്ധരിക്കുക. 7. എല്ലാ ഉപഭോക്തൃ വാട്ടർ മീറ്ററുകളും മാറ്റി ഉന്നത നിലവാരമുള്ള സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുക. 8. വിതരണ ശൃംഖലയുടെ സർവ്വേ നടത്തി ജി.ഐ.എസ് മാപ്പ് തയ്യാറാക്കുക. |

സെക്ഷൻ ഓഫീസർ

31.03.2021 –ലെ പ്രൊവിഷണൽ കണക്കുപ്രകാരം (കേരളാ വാട്ടർ അതോറിറ്റി ബോർഡ് അംഗീകരിച്ച) ഉള്ള ബാലൻസ് ഷീറ്റിന്റെയും ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ അക്കൗണ്ടിന്റെയും സംക്ഷിപ്ത രൂപം ചുവടെ ചേർക്കുന്നു

**ബാലൻസ് ഷീറ്റ്**

**ഫണ്ടുകളുടെ ഉറവിടം.**

| | | |
|---|---|---|
| മൂലധനവും കരുതൽ ധനവും | ₹ | 9670.56 കോടി |
| സുരക്ഷിത വായ്പകൾ | ₹ | 70.89 കോടി |
| അരക്ഷിത വായ്പകൾ | ₹ | 9614.83 കോടി |
| ആകെ | **₹** | **19356.28 കോടി** |

**ഫണ്ടുകളുടെ വിനിയോഗം**

| | | |
|---|---|---|
| സ്ഥിര ആസ്തി | ₹ | 13535.93 കോടി |
| നിക്ഷേപം | ₹ | 35.64 കോടി |
| നിലവിലുള്ള ആസ്തി | ₹ | 1528.07 കോടി |
| വായ്പയും അഡ്വാൻസും | ₹ | 169.55 കോടി |
| സഞ്ചിത നഷ്ടം | ₹ | 4087.09 കോടി |
| ആകെ | **₹** | **19356.28 കോടി** |

**ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ അക്കൗണ്ട്**

| | | |
|---|---|---|
| ആകെ ചെലവ് | ₹1650.64 | കോടി |
| ആകെ വരുമാനം | ₹1375.56 | കോടി |

| | | |
|---|---|---|
| വരുമാനത്തിന് ഉപരിയായ ചെലവ് (തേയ്മാനത്തിനു മുമ്പ്) | ₹275.08 | കോടി |
| തേയ്മാനം | ₹158.17 | കോടി |
| വരുമാനത്തിന് ഉപരിയായ ചെലവ് (തേയ്മാനത്തിനുശേഷം) | ₹433.25 | കോടി |
| മുൻ കാലയളവിലെ ക്രമപ്പെടുത്തൽ | ₹160.85 | കോടി |
| വരുമാനത്തിന് ഉപരിയായ ചെലവ് | **₹594.10** | **കോടി** |

# അനുബന്ധം 2

**The pending commitments of  KWA as on 31-01-2022 is given below**:

| SL No. | Particulars | Rs. in Crore | |
|---|---|---|---|
| 1 | DCRG | | 36.48 |
| 2 | Commutation to Pensioners | | 160.17 |
| 3 | Terminal surrender | | 32.87 |
| 4 | GPF Closure | | 44.81 |
| 5 | Medical Reimbursement | | 6.43 |
| 6 | Earned Leave Surrender | | 3.45 |
| 7 | GPF NRA and TA | | 26.94 |
| 8 | Various arrears, Increment Arrear etc. | | 3.94 |
| 9 | O&M | | 99.76 |
| 10 | KSEB Power charges | | 926.12 |
| 11 | Guarantee Commission Outstanding | | 28.03 |
| 12 | LIC loan | | 27.31 |
| 13 | GPF to be set apart | | 360.97 |
| 14 | Recoupment to  Retention/Deposit pending | | 354.38 |
| 15 | Railway wave leaving charge | | 4.88 |
| | | | |
| | ***Total*** | | **2116.54** |
| | | | |